ടി.കെ ഉബൈദ്

ഖുർആൻ ബോധനം

# 1056

# സൂറ – 34 / സബഅ്

## സൂക്തം: 14 – 16

സുലൈമാൻ നബിയുടെ മരണം ജിന്നുകളറിയാൻ എത്ര വൈകിയെന്നും അതിനുമുമ്പ് മനുഷ്യർ അതറിഞ്ഞിരുന്നുവോ എന്നും അല്ലാഹുവിനേ അറിയൂ. വടി ചിതൽ തിന്നത് സുലൈമാൻ നബിയുടെ നിൽപ് ഒരാണ്ട് നീണ്ടതുകൊണ്ടാവണമെന്നില്ല. ചില പരിതഃസ്ഥിതികളിൽ മണിക്കൂറുകൾ മതി ഒരു വസ്തു ചിതൽ തിന്നു നശിപ്പിക്കാൻ. ചില പുരാതന രേഖകൾ കൃത്രിമമായി ഉണ്ടാക്കി നിമിഷങ്ങൾക്കം അതിൽ ചിതൽ കയറ്റി പഴക്കം വരുത്തി അധികാരസ്ഥാനങ്ങളിൽ ഹാജരാക്കുന്ന വിരുതന്മാരെ കുറിച്ച് കേട്ടിട്ടുണ്ട്.

فَلَمَّا قَضَيْنَا عَلَيْهِ ٱلْمَوْتَ مَا دَلَّهُمْ عَلَىٰ مَوْتِهِۦٓ إِلَّا دَآبَّةُ
ٱلْأَرْضِ تَأْكُلُ مِنسَأَتَهُۥ ۖ فَلَمَّا خَرَّ تَبَيَّنَتِ ٱلْجِنُّ أَن لَّوْ كَانُوا۟
يَعْلَمُونَ ٱلْغَيْبَ مَا لَبِثُوا۟ فِى ٱلْعَذَابِ ٱلْمُهِينِ ﴿١٤﴾

14. സുലൈമാന് നാം മരണം വിധിച്ചപ്പോൾ, അദ്ദേഹത്തിന്റെ വടി തിന്നുകൊണ്ടിരുന്ന ചിതൽ മാത്രമാണ് ആ മരണം അവരെ അറിയിച്ചത്. സുലലൈമാൻ നിലംപതിച്ചപ്പോൾ ജിന്നുകളുടെ കാര്യം ജനത്തിനു വെളിവായി. എന്തെന്നാൽ അവർ അതിഭൗതിക രഹസ്യങ്ങളറിയുന്നവരായിരുന്നുവെങ്കിൽ ഈ ഹീനമായ ശിക്ഷയിൽ പാർക്കേണ്ടി വരില്ലായിരുന്നുവെന്ന്.

**14**

فَلَمَّا قَضَيْنَا عَلَيْهِ الْمَوْتَ = നാം അദ്ദേഹത്തിനു മരണം വിധിച്ചപ്പോൾ
مَا دَلَّهُمْ عَلَىٰ مَوْتِهِ = അദ്ദേഹത്തിന്റെ (ആ) മരണം അവരെ അറിയിച്ചില്ല (ച്ചത്)
إِلَّا دَابَّةُ الْأَرْضِ = ചിതൽ അല്ലാതെ (മാത്രമാണ്) تَأْكُلُ مِنسَأَتَهُ = അദ്ദേഹത്തിന്റെ വടി തിന്നുകൊണ്ടിരുന്ന
فَلَمَّا خَرَّ = അദ്ദേഹം നിലംപതിച്ചപ്പോൾ تَبَيَّنَتِ الْجِنُّ = ജിന്നുകൾ (ളുടെ കാര്യം ജനത്തിനു) വെളിവായി
أَن لَّوْ كَانُوا يَعْلَمُونَ = അവർ അറിയുന്നവരായിരുന്നുവെങ്കിൽ الْغَيْبَ = അഗോചരം (അതിഭൗതിക രഹസ്യങ്ങൾ)
مَا لَبِثُوا = അവർ പാർത്തില്ല (പാർക്കേണ്ടി വരില്ലായിരുന്നു) فِي الْعَذَابِ = ഈ ശിക്ഷയിൽ الْمُهِينِ = ഹീനമായ

മുൻ സൂക്തം ജിന്നുകൾ സുലൈമാൻ നബിയുടെ വേലക്കാരായി സേവനം ചെയ്തതിനെക്കുറിച്ച് പറഞ്ഞതിനെത്തുടർന്ന് ഈ സൂക്തം ജിന്നുകളെക്കുറിച്ച് മനുഷ്യർ പുലർത്തുന്ന ഒരു തെറ്റിദ്ധാരണ തിരുത്തുകയാണ്. ജിന്നുകൾക്ക് അതിഭൗതിക ജ്ഞാനം -علم الغيب-ഉണ്ടെന്നാണ് പലരുടെയും വിശ്വാസം. ജിന്നുകളെ സ്നേഹിച്ചു വശത്താക്കിയാൽ ആ ജ്ഞാനം മനുഷ്യർക്ക് പ്രയോജനപ്പെടുത്താമെന്നും കരുതുന്നു. അങ്ങനെ ജിന്നുസേവയുള്ള അതിഭൗതിക ജ്ഞാനികളും സിദ്ധന്മാരുമായി നടിച്ച് ആളുകളെ പറ്റിക്കുന്ന വിരുതന്മാർ ധാരാളമുണ്ട്. അവർ ഭൂത-ഭാവികൾ പ്രവചിക്കുകയും രോഗത്തിനു ചികിത്സയും ആപത്തുകൾക്കും ദുരിതങ്ങൾക്കും പ്രതിവിധിയും ആഗ്രഹസാഫല്യത്തിനു മാർഗങ്ങളും നിർദേശിക്കുന്നു. ശാസ്ത്രീയ ചികിത്സ കൊണ്ട് ആരോഗ്യം വീണ്ടെടുക്കാമായിരുന്ന രോഗികൾ ജിന്ന് ചികി

ത്സയിൽ വഞ്ചിതരായി അകാല ചരമത്തിനിരയായ അനുഭവങ്ങൾ കേരളത്തിലും ഇടക്കിടെ റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. ജിന്നുകൾക്ക് അതിഭൗതിക ജ്ഞാനമുണ്ടെന്നത് കേവലം അന്ധവിശ്വാസമാണെന്ന് വ്യക്തമാക്കുകയാണിവിടെ.

فَلَمَّا قَضَيْنَا عَلَيْهِ الْمَوْتَ -നാം അദ്ദേഹത്തിനു മരണം വിധിച്ചപ്പോൾ- എന്നത് فَلَمَّا اماته- നാം അദ്ദേഹത്തെ മരിപ്പിച്ചപ്പോൾ- എന്നതിനു തുല്യമാണ്. അല്ലാഹു മരണം വിധിച്ചാൽ പിന്നെ മരണം ഉറപ്പാണല്ലോ. അവ്യക്തമായ കാര്യം വ്യക്തമായി സൂചിപ്പിക്കുന്ന ലക്ഷണത്തിനും തെളിവിനും ന്യായത്തിനുമൊക്കെ دِلَالَة എന്നു പറയുന്നു. അതിൽനിന്നുള്ള ക്രിയയാണ് دَلَّ. ഇതിലെ هم എന്ന സർവ നാമം സൂചിപ്പിക്കുന്നത് മുൻസൂക്തം പരാമർശിച്ച ജിന്നുകളെയാണ്. ഭൂമിയിൽ ചരിക്കുന്ന സൃഷ്ടികളെല്ലാം دَابَّةُ الْأَرْضِ ആകുന്നു. ഇവിടെ ഉദ്ദേശ്യം أَلْأَرَضَة-ചിതൽ -ആണ്. അത് دَابَّةُ الْأَرْضِ -ൽപെട്ടതാണല്ലോ. കൂടാതെ അത് സുലൈമാൻ നബിയുടെ വടി തിന്നുകൊണ്ടിരുന്നുവെന്ന് തുടർന്നു പറയുന്നുമുണ്ട്. مِنسَأَة (വടി) അബ്സീനിയൻ ഭാഷയിൽനിന്ന് വന്നതാണെന്ന് ചിലർ പറയുന്നു. عصا ആണ് വടിക്കുള്ള അറബി പദം. نَسَأَ (പിന്തിക്കൽ, പിന്നോട്ടു തള്ളൽ) എന്ന അറബി മൂലത്തിൽനിന്ന് തന്നെ ഉത്ഭവിച്ചതാണെന്ന് മറ്റു ചില ഭാഷാവിദഗ്ധർ അഭിപ്രായപ്പെട്ടിരിക്കുന്നു. കീടങ്ങളെയും ഉപദ്രവിക്കുന്ന ജന്തുക്കളെയും പിന്തിരിപ്പിക്കാനുള്ള ഉപകരണം എന്ന ആശയത്തെ ആസ്പദമാക്കിയാണ് വടിക്ക് 'മിൻസഅത്ത്' എന്നു പേരു വന്നത്. ഇവിടെ അതുകൊണ്ടുദ്ദേശ്യം രാജാക്കന്മാരുടെ അധികാര ദണ്ഡ് ആവാം. കേവലം ഊന്നുവടിയുമാകാം. خرور (ക്രമമില്ലാതെ അനിഛയാ മറിഞ്ഞുവീഴുക) -ൽനിന്നുള്ള ഭൂതകാല ക്രിയയാണ് خَرَّ.

تَبَيَّنَتِ الْجِنُّ എന്നതിനു ശേഷം للنَّاس -ജനങ്ങൾക്ക്- എന്ന് അനുക്തമായിട്ടുണ്ട്. ജിന്നുകളുടെ കാര്യം ജനങ്ങൾക്ക് വെളിപ്പെട്ടു എന്നാണ് താൽപര്യം. تَبَيَّنَتِ-ന് تُبُيِّنَت-വെളിപ്പെടുക- എന്ന ഒരു കർമണി പ്രയോഗ പാഠവുമുണ്ട്. രണ്ടിന്റെയും ആശയം ഒന്നുതന്നെയാണ്.

സൂക്തസാരമിതാണ്: അതിഭൗതിക ജ്ഞാനികളെന്ന് സ്വയം നടിച്ച് അഹങ്കരിക്കുകയും മനുഷ്യർ തെറ്റിദ്ധരിക്കുകയും ചെയ്യുന്ന ജിന്നുകൾക്ക് അവർ കീഴ്പ്പെട്ടു സേവിച്ചുകൊണ്ടിരിക്കുന്ന യജമാനനായ സുലൈമാൻ നബി മരിച്ചപ്പോൾ ആ വിവരം പോലും അറിയാൻ കഴിഞ്ഞില്ല. അദ്ദേഹം വടിയൂന്നി നിന്നുകൊണ്ട് ആ നിൽപിൽ മരിക്കുകയായിരുന്നു. അതറിയാതെ ജിന്നുകൾ അവരുടെ കഠിനാധ്വാനം തുടർന്നു. ഊന്നുവടി ചിതലരഞ്ഞ് ദുർബലമായി ബാലൻസ് തെറ്റി ജഡം മറിഞ്ഞുവീണപ്പോഴാണ് അദ്ദേഹം മരിച്ചതായി അവരറിഞ്ഞത്.

ഇതോടെ ജിന്നുകൾ അഭൗതിക ജ്ഞാനികളാണെന്ന ധാരണ വെറും അന്ധവിശ്വാസമാണെന്ന് ആളുകൾക്കു മനസ്സിലായി. ചിലരുടെ വീക്ഷണത്തിൽ ജിന്നുകൾക്കും ബോധ്യമായി. പക്ഷേ തങ്ങൾക്ക് غيب അറിയില്ല എന്നറിയാൻ ആ അറിവില്ലായ്മ തന്നെ മതിയായ തെളിവാണല്ലോ, അതിനു പിന്നെ മറ്റു തെളിവുകളുടെ ആവശ്യമെന്ത് എന്നൊരു ചോദ്യമുണ്ട്. ജിന്നുകൾക്ക് غيب അറിയാൻ കഴിയുമായിരുന്നുവെങ്കിൽ, സുലൈമാൻ നബി മരിക്കുന്നതിനു മുമ്പു തന്നെ അദ്ദേഹം ഇന്ന ദിവസം ഇന്ന സ്ഥലത്തു വെച്ച് ഇന്ന സമയത്ത് മരിക്കുമെന്ന് ജിന്നുകൾ അറിയുകയും മരിച്ച നിമിഷം തന്നെ സ്വതന്ത്രരായി സ്ഥലം വിടുകയും ചെയ്യുമായിരുന്നു. അദ്ദേഹത്തിന്റെ കീഴിൽ അവർ ചെയ്തുകൊണ്ടിരുന്ന കഠിനാധ്വാനം ഒരു ശിക്ഷയായിരുന്നു. തീയാൽ സൃഷ്ടിക്കപ്പെട്ടവരെന്ന് ഊറ്റം കൊള്ളുന്ന ജിന്നുകൾക്ക് മണ്ണിനാൽ സൃഷ്ടിക്കപ്പെട്ട മനുഷ്യനായ സുലൈമാൻ നബിക്കു വിധേയരായി വേല ചെയ്യേണ്ടിവന്നത് വലിയ അപമാനവുമായി.

വടിയൂന്നി നിൽക്കുമ്പോഴോ ഇരിക്കുമ്പോഴോ ആണ് സുലൈമാൻ നബി മരണപ്പെട്ടതെന്ന് സൂക്തത്തിൽനിന്ന് വ്യക്തമായി മനസ്സിലാക്കാം. ഊന്നുവടി ചിതൽ തിന്ന് ദുർബലമായതിനെത്തുടർന്ന് ജഡം മറിഞ്ഞുവീണപ്പോഴാണ് ജിന്നുകൾ ആ മരണം മനസ്സിലാക്കിയതെന്നും ഈ സൂക്തം വ്യക്തമാക്കുന്നു. അദ്ദേഹം നിന്നത് എവിടെയാണ്? മരണാനന്തരം എത്ര സമയം ജഡം ഊന്നുവടിയിൽനിന്നു? മരണം ജിന്നുകൾ അറിയുന്നതിനു മുമ്പ് മനുഷ്യർ അറിഞ്ഞിരുന്നോ? ഈ ചോദ്യങ്ങളൊന്നും ഖുർആൻ ചർച്ച ചെയ്യുന്നില്ല. അതൊന്നും സൂക്തത്തിന്റെ പ്രമേയവുമായി ബന്ധപ്പെട്ട കാര്യങ്ങളല്ലല്ലോ. ജിന്നുകൾക്ക് علم الغيب നിഷേധിക്കുകയാണ് മുഖ്യപ്രമേയം. സുലൈമാൻ നബിയുടെ ഭരണകാലം വിശദമായി വർണിക്കുന്ന ബൈബിളും അദ്ദേഹത്തിന്റെ മരണത്തെക്കുറിച്ച് അധികമൊന്നും പറയുന്നില്ല. 40 വത്സരം ഇസ്രായേലിനെ ഭരിച്ചതായി പറയുന്നുണ്ട്. 13-ാം വയസ്സിൽ അധികാരമേറ്റതായും 53-ാം വയസ്സിൽ നിര്യാതനായതായും ചില ഇസ്‌ലാമിക ഗ്രന്ഥങ്ങളിലും പറയുന്നു. ഹദീസ് ഗ്രന്ഥങ്ങളിൽ ഇതു സംബന്ധിച്ച കുറേ നിവേദനങ്ങളുണ്ട്. അവയുടെ ആധികാരികത അനിഷേധ്യമായി സ്ഥിരപ്പെട്ടതല്ല. ജിന്നുകൾ വേല ചെയ്യുന്നത് നിരീക്ഷിച്ചു വടിയൂന്നി നിൽക്കെ മരണപ്പെട്ട സുലൈമാൻ നബി ഒരാണ്ടുകാലം അതേ നിൽപ് നിന്നു എന്നാണ് ചില നിവേദനങ്ങളിൽ കാണുന്നത്. പ്രായം ചെന്ന നാടൻ കർഷകൻ തന്റെ കർഷകത്തൊഴിലാളികൾ പണിയെടുക്കുന്നതും നോക്കി വരമ്പത്തു ചെന്ന് നിൽക്കുന്നതുപോലെ സുലൈമാൻ നബിയെപ്പോലെ ഉഗ്രപ്രതാപിയായ ഒരു രാജാവ് മന്ത്രിമാരുടെയും സേവകരുടെയും അകമ്പടിയില്ലാതെ ഒറ്റക്ക് ജിന്നുകളുടെ പണിസ്ഥലത്തു ചെന്ന് വടിയും കുത്തി നോക്കിനിൽക്കുക! ആ നിൽപിൽ മരണപ്പെട്ടിട്ട് ഒരു കൊല്ലക്കാലം ആരും തിരിഞ്ഞുനോക്കാതിരിക്കുക!! ഒരാണ്ട് കഴിഞ്ഞ് അദ്ദേഹത്തിന്റെ ഊന്നുവടി ചിതൽ തിന്ന് നശിപ്പിച്ചതിനാൽ ബാലൻസ് പോയ മൃതദേഹം മറിഞ്ഞുവീണപ്പോൾ മാത്രം മനുഷ്യരും ജിന്നുകളും അദ്ദേഹം മരിച്ചതായി മനസ്സിലാക്കുക! ചിലപ്പോൾ ആഴ്ചകളോളമോ മാസങ്ങളോളമോ ആരാധനാലയത്തിൽ പ്രാർഥനാനിരതനായി നിൽക്കുന്ന പതിവുണ്ടായിരുന്നു സുലൈമാൻ നബിക്ക് എന്ന് ചില നിവേദനങ്ങൾ പറയുന്നു. നിന്നു കാലു കഴക്കുമ്പോൾ ആശ്വാസത്തിന് വടി ഊന്നും. മിഹ്റാബിന് ചില കിളിവാതിലുകളുണ്ടായിരുന്നു. അതിലൂടെ ജിന്നുകളുടെ ജോലി നിരീക്ഷിക്കുകയും ചെയ്യും. ഇങ്ങനെ വടിയൂന്നി പ്രാർഥിച്ചുനിന്ന ഒരവസരത്തിലാണത്രെ അദ്ദേഹം നിര്യാതനായത്. ഇതിൽ സത്യമുണ്ടാവാം. ഒരു വർഷക്കാലം മൃതദേഹം കേടാകാതിരിക്കുന്നത് അത് ഒരു പ്രവാചകന്റെ വിശുദ്ധ ദേഹമായിരുന്നതുകൊണ്ടാണെന്ന് കരുതാമെങ്കിലും അക്കാലത്തൊന്നും സ്വന്തം കുടുംബമോ മന്ത്രിമാരോ പരിവാരങ്ങളോ നാട്ടു പ്രമാണിമാരോ അദ്ദേഹത്തെ അന്വേഷിച്ചില്ല എന്നു കരുതാൻ ബുദ്ധിമുട്ടുണ്ട്.

സുലൈമാൻ നബിയുടെ മരണം ജിന്നുകളറിയാൻ എത്ര

വൈകിയെന്നും അതിനുമുമ്പ് മനുഷ്യർ അതറിഞ്ഞിരുന്നുവോ എന്നും അല്ലാഹുവിനേ അറിയൂ. വടി ചിതൽ തിന്നത് സുലൈമാൻ നബിയുടെ നിൽപ് ഒരാണ്ട് നീണ്ടതുകൊണ്ടാവണമെന്നില്ല. ചില പരിതഃസ്ഥിതികളിൽ മണിക്കൂറുകൾ മതി ഒരു വസ്തു ചിതൽ തിന്നു നശിപ്പിക്കാൻ. ചില പുരാതന രേഖകൾ കൃത്രിമമായി ഉണ്ടാക്കി നിമിഷങ്ങൾക്കം അതിൽ ചിതൽ കയറ്റി പഴക്കം വരുത്തി അധികാരസ്ഥാനങ്ങളിൽ ഹാജരാക്കുന്ന വിരുതന്മാരെ കുറിച്ച് കേട്ടിട്ടുണ്ട്. ●

---

لَقَدْ كَانَ لِسَبَإٍ فِي مَسْكَنِهِمْ ءَايَةٌ جَنَّتَانِ عَن يَمِينٍ وَشِمَالٍ كُلُوا مِن رِّزْقِ رَبِّكُمْ وَاشْكُرُوا لَهُ بَلْدَةٌ طَيِّبَةٌ وَرَبٌّ غَفُورٌ ﴿١٥﴾

15. തീർച്ചയായും സബഉകാർക്ക് അവരുടെ വാസസ്ഥലത്തുതന്നെ മഹാദൃഷ്ടാന്തമുണ്ടായിരുന്നു. ഇടത്തും വലത്തുമായി രണ്ടു തോട്ടങ്ങൾ. വിധാതാവിന്റെ വിഭവങ്ങൾ ആഹരിച്ചുകൊള്ളുവിൻ, അവനോട് നന്ദിയുള്ളവരാവുകയും ചെയ്യുവിൻ. നന്മ നിറഞ്ഞ നാട്, ഏറെ പൊറുക്കുന്ന നാഥനും.

فَأَعْرَضُوا فَأَرْسَلْنَا عَلَيْهِمْ سَيْلَ الْعَرِمِ وَبَدَّلْنَاهُم بِجَنَّتَيْهِمْ جَنَّتَيْنِ ذَوَاتَيْ أُكُلٍ خَمْطٍ وَأَثْلٍ وَشَيْءٍ مِّن سِدْرٍ قَلِيلٍ ﴿١٦﴾

16. പക്ഷേ, അവർ പുഛിച്ചു തിരിഞ്ഞുകളഞ്ഞു. അതിനാൽ നാം അവർക്കുമേൽ അണമുറിഞ്ഞ ജലപ്രവാഹമയച്ചു. വിശിഷ്ട ഫലങ്ങൾ സമൃദ്ധമായി വിളഞ്ഞിരുന്ന അവരുടെ തോട്ടങ്ങൾക്കു പകരം കയ്പ്പുറ്റ കനികളും അസ്ൽ മരങ്ങളും അപൂർവം ഇലന്ത മരങ്ങളുമുള്ള രണ്ടു തോട്ടങ്ങൾ നാം അവർക്കു നൽകുകയും ചെയ്തു.

**15,16**

لَقَدْ كَانَ لِسَبَإٍ = തീർച്ചയായും സബഉകാർക്ക് ഉണ്ടായിരുന്നു فِي مَسْكَنِهِمْ = അവരുടെ വാസസ്ഥലത്ത് (തന്നെ)
آيَةٌ = (ഒരു മഹാ) ദൃഷ്ടാന്തം جَنَّتَانِ = രണ്ടു തോട്ടങ്ങൾ عَن يَمِينٍ وَشِمَالٍ = ഇടത്തും വലത്തും (ആയി)
كُلُوا = നിങ്ങൾ ആഹരിച്ചുകൊള്ളുവിൻ مِن رِّزْقِ رَبِّكُمْ = നിങ്ങളുടെ വിധാതാവിന്റെ വിഭവങ്ങൾ
وَاشْكُرُوا لَهُ = അവനോട് നന്ദിയുള്ളവരാവുകയും ചെയ്യുവിൻ بَلْدَةٌ طَيِّبَةٌ = നല്ല (നന്മ നിറഞ്ഞ) നാട്
وَرَبٌّ غَفُورٌ = ഏറെ പൊറുക്കുന്ന നാഥനും فَأَعْرَضُوا = അപ്പോൾ (പക്ഷേ) അവർ (പുഛിച്ചു) പിന്തിരിഞ്ഞുകളഞ്ഞു
فَأَرْسَلْنَا عَلَيْهِمْ = അതിനാൽ നാം അവർക്കു മീതെ അയച്ചു سَيْلَ الْعَرِمِ = അണ(മുറിഞ്ഞ)യുടെ ജലപ്രവാഹം
وَبَدَّلْنَاهُم = നാം അവർക്കു പകരമാക്കി (പകരം നാം നൽകുകയും ചെയ്തു)
بِجَنَّتَيْهِمْ = (വിശിഷ്ട ഫലങ്ങൾ സമൃദ്ധമായി വിളഞ്ഞിരുന്ന) അവരുടെ രണ്ടു തോട്ടങ്ങൾക്ക്
جَنَّتَيْنِ = രണ്ടു തോട്ടങ്ങൾ ذَوَاتَيْ أُكُلٍ خَمْطٍ = കയ്പ്പുറ്റ കനികളുള്ളവയായ وَأَثْلٍ = അസ്ൽ മരങ്ങളും
وَشَيْءٍ مِّن سِدْرٍ قَلِيلٍ = (അപൂർവം ഇലന്ത മരങ്ങളുമുള്ള) ഇലന്തയിൽനിന്നുള്ള ഒരു വസ്തുവും

ദൈവാനുഗ്രഹങ്ങൾ ഭയഭക്തിയോടെ സ്വീകരിക്കുകയും അവനോട് നന്ദിയും കൂറും പുലർത്തിക്കൊണ്ട് അവന്റെ തൃപ്തിക്കൊത്ത് വിനിയോഗിക്കുകയും തൽഫലമായി അനുഗ്രഹങ്ങൾ അടിക്കടി വർധിക്കുകയും ചെയ്യുന്നതിന്റെ ഉദാഹരണങ്ങളായിരുന്നു ദാവൂദ്-സുലൈമാൻ(അ) പ്രവാചകന്മാർ. തുടർന്ന്, സൗഭാഗ്യങ്ങളെല്ലാം സ്വന്തം കഴിവുകൊണ്ട് മാത്രം ആർജിച്ചതാണെന്ന് അഹങ്കരിച്ച് അനുഗ്രഹദാതാവായ ദൈവത്തോട് നന്ദികെട്ടവരായി ധിക്കാരപൂർവം അന്യായമായും അധാർമികമായും, ഭോഗിക്കുകയും തന്മൂലം കൊടിയ വിനാശത്തിലകപ്പെടുകയും ചെയ്യുന്നവർക്ക് ഉദാഹരണമായി സബഅ് ചരിത്രം ഓർമിപ്പിക്കുകയാണ്. സുലൈമാൻ നബിയുടെ രാജ്യവും സബഉമായി ഒരു കാലത്ത് ഉറ്റബന്ധമുണ്ടായിരുന്നുവെന്നതാവാം ഒരുപക്ഷേ അദ്ദേഹത്തിന്റെ മാതൃകക്കു വിപരീതമായ മാതൃകയായി സബഇനെത്തന്നെ തെരഞ്ഞെടുത്തത്. അദ്ദേഹത്തിന്റെ കാലത്ത് സബഅ് ഭരിച്ച രാജ്ഞി ബിൽഖീസ് സുലൈമാൻ നബിയുടെ മേധാവിത്വം അംഗീകരിക്കുകയും ഇസ്‌ലാം സ്വീകരിക്കുകയും ചെയ്തിരുന്നുവല്ലോ.

സബഅ് ജനതയുടെയും രാജ്യത്തിന്റെയും പൗരാണിക ചരിത്രം *ഖുർആൻ ബോധനം അന്നംല്* 22-ാം സൂക്തത്തിനു താഴെ സൂചിപ്പിച്ചിരിക്കുന്നു. ഇവിടെ 'സബഅ്' എന്ന് പരാമർശിക്കുന്നത് മാരിബ് രാജ്യത്തെ ജനതയെയാണ്. സ്വൻആഇനും ഹദർ മൗത്തിനും ഇടയിലാണ് മഅ്‌രിബ് (مَأْرَب) സ്ഥിതിചെയ്യുന്നത്. അതായിരുന്നു സബഉകാരുടെ പാർപ്പിടം - مسكن. ഏകവചനമായും ബഹുവചനമായും ഉപയോഗിക്കുന്ന പദമാണ് آية. ഇവിടെ ബഹുവചനം ഉദ്ദേശിച്ചാണ് ഉപയോഗിച്ചിരിക്കുന്നതെന്ന് ചില വ്യാഖ്യാതാക്കൾ പറയുന്നു. പല ദൃഷ്ടാന്തങ്ങൾ ചേർന്ന ഒരു മഹാദൃഷ്ടാന്തം എന്നും വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു. جَنَّتَانِ - രണ്ടു തോട്ടങ്ങൾ- എന്ന വാക്കുതന്നെ ദൃഷ്ടാന്തത്തിന്റെ ബഹുത്വത്തെ സൂചിപ്പിക്കുന്നുണ്ടല്ലോ. ഇടതും വലതുമായി രണ്ടു തോട്ടം -جَنَّتَانِ عَن يَمِينٍ وَشِمَالٍ- എന്ന വാക്കും പലവിധം വ്യാഖ്യാനി

ക്കപ്പെട്ടിരിക്കുന്നു: 1) മാരിബിന്റെ മധ്യത്തിലൂടെ ഒരു രാജവീഥിയുണ്ടായിരുന്നു. രാജവീഥിയുടെ ഇരുവശങ്ങളിലും ഫലസമൃദ്ധമായ തോട്ടങ്ങളായിരുന്നു. 2) ആ മലകൾക്കിടയിൽ അണകെട്ടി ജലം സംഭരിച്ച് അതിൽനിന്ന് തോടു കീറിയാണ് സബഉകാർ കൃഷിചെയ്തിരുന്നത്. ഈ തോടിന്റെ ഇരുവശങ്ങളിലുമുള്ള കൃഷികളാകാം ഉദ്ദേശ്യം. ഈ തോട്ടങ്ങളിലാണ് ആളുകൾ വീടുവെച്ചു പാർത്തിരുന്നത്. ഏതു വീടിന്റെയും ഇടത്തും വലത്തും തോട്ടങ്ങളായിരുന്നു. നാടു മുഴുവൻ തോട്ടങ്ങളാൽ നിബിഡമായിരുന്നു എന്നാണ് എല്ലാ വ്യാഖ്യാനങ്ങളുടെയും സാരാംശം. ഒരാൾ ഒരു കുട്ട തലയിൽവെച്ച് ഈ തോട്ടത്തിലൂടെ വെറുതെ നടന്നാൽ മാത്രം മതി, പഴങ്ങൾ പൊഴിഞ്ഞുവീണ് ആ കുട്ട നിറഞ്ഞു കൊള്ളുമായിരുന്നുവത്രെ.

كُلُوا...... غَفُورٌ എന്നത് അല്ലാഹു കനിഞ്ഞരുളിയ ഈ സുഖസൗഭാഗ്യങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുമ്പോൾ അവരുടെ മനസ്സാക്ഷി തന്നെ ഉപദേശിച്ചിരുന്നതാവാം. അല്ലെങ്കിൽ സബഅ് സമുദായത്തിൽ ആഗതരായ പ്രവാചകന്മാർ ഉദ്ബോധിപ്പിച്ചിരുന്നതുമാവാം. സബഅ് ജനതയിൽ 12 പ്രവാചകന്മാർ നിയുക്തരായിട്ടുണ്ടെന്നും ഖുർആൻ പരാമർശിക്കുന്ന (44:37) തുബ്ബഅ് അക്കൂട്ടത്തിലൊരാളാണെന്നും പ്രസ്താവമുണ്ട്. സൂറ *അന്നഹ്ൽ* 112-ാം സൂക്തം സമ്പന്നരും നിർഭയരുമായി അധാർമിക ജീവിതം നയിച്ചിരുന്ന ഒരു സമൂഹത്തെ അല്ലാഹു കൊടുംഭീതി കൊണ്ടും പട്ടിണി കൊണ്ടും ശിക്ഷിച്ചതായി പറയുന്നുണ്ട്. അത് സബഉകളാണെന്നും തൊട്ടടുത്ത 113-ാം സൂക്തം അവരിൽ ചെന്നു എന്നു പറയുന്ന റസൂൽ സബഉകളിൽ ആഗതനായ പ്രവാചകനാണെന്നും ചില മുഫസ്സിറുകൾ അഭിപ്രായപ്പെട്ടിരിക്കുന്നു.

طَيِّب നല്ലതും ശുദ്ധവും ഫലപ്രദമായി ഉപയോഗിക്കാവുന്നതാണ്. خبيث (ദുഷിച്ചത്)-ന്റെ വിപരീതമാണിത്. മെച്ചപ്പെട്ട വിളകളുണ്ടാകുന്ന പ്രദേശം بَلَد طَيِّب ആണ്. اَلْبَلَدُ الطَّيِّبُ يَخْرُجُ نَبَاتُهُ بِإِذْنِ رَبِّهِ (നല്ല ഭൂമി അതിന്റെ നാഥന്റെ ഹിതാനുസാരം വിശിഷ്ട ഫലങ്ങൾ വിളയിക്കുന്നു - 7:58). വിശിഷ്ട വിഭവങ്ങൾ വിളയിക്കുന്ന ഫലഭൂയിഷ്ടമായ ഭൂമിയാണ് പ്രകൃത സൂക്തത്തിൽ بَلْدَةٌ طَيِّبَةٌ കൊണ്ടർഥമാക്കുന്നത്. ദൈവത്തെക്കുറിച്ചും അവന്റെ ധർമശാസനകളെക്കുറിച്ചും അശ്രദ്ധരായി ദേഹേഛകൾക്കൊത്ത് വർത്തിക്കുന്ന തങ്ങൾക്ക് ഇത്രയേറെ വിഭവസമൃദ്ധി പ്രദാനം ചെയ്തുകൊണ്ടിരിക്കുന്ന പ്രപഞ്ചനാഥൻ ഏറെ പൊറുത്തുതരുന്ന കരുണാവാരിധിയാണെന്നും മനസ്സാക്ഷി അവരെ ഓർമിപ്പിച്ചിരുന്നു. അനുഗ്രഹങ്ങൾ അനുഭവിക്കുന്നവരിൽ അനുഗ്രഹദാതാവിനോട് നന്ദിയും കൂറും ഉണ്ടാവുക പ്രകൃതിയുടെ താൽപര്യമാണ്. ജന്തുക്കളുടെ പ്രകൃതിയിൽ പോലും ഈ വാസനയുള്ളതായി കാണാം. എന്നിരിക്കെ മനുഷ്യൻ ആ ഗുണത്തിൽനിന്ന് മുക്തനാകുന്നുവെങ്കിൽ അവൻ ജന്തുക്കളേക്കാൾ അധമനാകുന്നു.

മനസ്സാക്ഷിയുടെ ശബ്ദമായാലും ഉപദേശികളുടെ ഉപദേശമായാലും സബഉകൾ അതിനൊന്നും ഒരു വിലയും കൽപിച്ചില്ല. അവരുടെ ധിക്കാരവും ധാർഷ്ട്യവും നാൾക്കുനാൾ വളരുകയായിരുന്നു. ഒടുവിൽ അധർമവും അക്രമവും പരമകാഷ്ഠയിലെത്തിയപ്പോൾ അല്ലാഹു അവർക്കുനേരെ അണമുറിഞ്ഞ ജലം പ്രവഹിപ്പിച്ചു. سَيْلَ الْعَرِمِ എന്നാണ് മൂലവാക്ക്. പ്രവാഹമാണ് سيل. ഇഷ്ടിക, അവ കൊണ്ട് കെട്ടുന്ന ബണ്ട്, രൗദ്രം, എലിമട തുടങ്ങിയ അർഥങ്ങളിലുപയോഗിക്കുന്ന عَرِمَة -ന്റെ ബഹുവചനമാണ് عَرِم. കല്ലും ഇഷ്ടികയും ഉപയോഗിച്ചു കെട്ടിയ ബണ്ട് പൊട്ടിയുള്ള ഭീകരമായ ജലപ്രവാഹമാണ് ഇവിടെ ഉദ്ദേശ്യം. പൊട്ടാൻ നിമിത്തമായത് എലികൾ തുരന്നതാവാം. സബഉകാർ രണ്ടു മലകളെ ബന്ധിപ്പിച്ചുകൊണ്ട് ഒരു അണ നിർമിച്ചിരുന്നു. അണക്കപ്പുറത്തുള്ള മലകളിൽ പെയ്യുന്ന ജലം ഈ അണയിൽ സംഭരിച്ച് അതുപയോഗിച്ചാണവർ കൃഷി വികസിപ്പിച്ചത്. ബിൽഖീസ് രാജ്ഞിയാണ്, ചരിത്രം 'സദ്ദ് മഅ്റബ്' എന്നു വിളിക്കുന്ന ഈ അണ നിർമിച്ചതെന്നു പറയപ്പെടുന്നു. നാഴികകളോളം നീളമുള്ള അണയുടെ ലക്ഷ്യം കാർഷിക ജലസേചനം മാത്രമായിരുന്നില്ല. അതിവർഷമുണ്ടാകുമ്പോൾ മലകളിൽനിന്ന് വെള്ളം അതിശക്തമായി കുത്തിയൊലിച്ച് നാട്ടിൽ നാശനഷ്ടമുണ്ടാക്കുന്നത് ഒഴിവാക്കുക കൂടിയായിരുന്നു സദ്ദ് മഅ്റബിന്റെ നിർമാണം എന്നായിരുന്നുവെന്ന് കൃത്യമായി അറിയപ്പെട്ടിട്ടില്ല. എന്നാൽ സി.ഇ 542-ലോ 43-ലോ യമനിലെ അബ്സീനിയൻ ഗവർണറായിരുന്ന അബ്രഹത്ത് സദ്ദ് മഅ്റബ് പുനഃസ്ഥാപിച്ചതായി ചരിത്രമുണ്ട്. 1987-ൽ യമൻ ഗവൺമെന്റ് സദ്ദ് മഅ്റബ് പുനർനിർമിക്കുകയുണ്ടായി. അണപൊട്ടിയുണ്ടായ ഭീകരമായ വെള്ളപ്പാച്ചിലിൽ നാടാകെ തകർന്നു തരിപ്പണമായി. മഅ്റബിലെ തോട്ടങ്ങളെ മാത്രമല്ല, അവ വളർന്നിരുന്ന മണ്ണിന്റെ ഉർവരത കൂടി തുടച്ചെടുത്തുകൊണ്ടാണ് ജലമൊഴുകിയത്. ജലമിറങ്ങി അധികം താമസിയാതെ കൃഷിയിടങ്ങളുടെ രക്തധമനികളായിരുന്ന കനാലുകൾ മാഞ്ഞുപോവുകയും ചെയ്തു. ഫലവൃക്ഷങ്ങളോ ധാന്യങ്ങളോ കൃഷി ചെയ്യാൻ സാധ്യമല്ലാതായി. വയലുകളും തോട്ടങ്ങളും നിറഞ്ഞിരുന്ന ആ പ്രദേശം പാഴ്ച്ചെടികൾ മാത്രം വളരുന്ന തരിശുഭൂമിയായി മാറി. أُكُل-ന്റെ മൗലികമായ അർഥം 'തിന്നപ്പെടുന്നത്' -مَاكُول- എന്നാണ്. ചെടികളുടെയും വൃക്ഷങ്ങളുടെയും കായയെ കുറിക്കാനാണ് സാധാരണ ഉപയോഗിക്കാറുള്ളത്.

خَمْط-ന് അറേബ്യയിൽ സുലഭമായി വളരുന്ന അറാക്ക് മരം എന്നും കയ്പ്പുള്ളത് എന്നും അർഥമുണ്ട്. خَمْط കായ്കനിയുടെ വിശേഷണമായി വരുമ്പോൾ കയ്പ്പുള്ളത് ആണുദ്ദേശ്യമെന്ന് വ്യക്തമാകുന്നു. അറേബ്യൻ മരുഭൂമികളിൽ വളരുന്ന ഒരു വൃക്ഷമാണ് اثل. മണ്ണിൽ മൂടുറച്ചുനിൽക്കുന്ന ഒരു വൃക്ഷം എന്നാണ് ഇമാം റാഗിബ് പറയുന്നത്. മൂടുറച്ചുനിൽക്കുന്നതും ഉറപ്പുള്ളതും കുലകളായി പൂക്കളുണ്ടാകുന്നതുമായ ഒരു വൃക്ഷം എന്ന് 'അൽ മുൻജിദും' പറയുന്നു. اثل-ന് കാറ്റാടി മരം, ഭാനുക മരം, മഞ്ചാച്ചെടി എന്നിങ്ങനെ പലരും പല അർഥങ്ങളാണ് മലയാളത്തിൽ പറഞ്ഞുകാണുന്നത്. ഏതായാലും തണലോ ഭക്ഷ്യയോഗ്യമായ ഫലങ്ങളോ നൽകാത്ത വൃക്ഷമാണത്.

وَشَيْءٍ مِّن سِدْرٍ قَلِيلٍ -ന്റെ പദാനുപദ അർഥം 'തുഛം ഇലന്തയിൽനിന്നുള്ള ഒരു വസ്തുവും' എന്നാണ്. അതിന്റെ അൽപഭാഗം, അതിന്റെ വർഗത്തിൽപെട്ട ഒന്ന് എന്നീ അർഥങ്ങളിൽ ഉപയോഗിക്കുന്നതാണ് شيئ منه. ആദ്യത്തെ അർഥമനുസരിച്ച് അപൂർവമായി ചില ഇലന്തവൃക്ഷങ്ങൾ എന്നും രണ്ടാമത്തെ അർഥമനുസരിച്ച് ഇലന്തവർഗത്തിൽപെട്ട അൽപം വൃക്ഷങ്ങൾ എന്നുമാണ് ആശയം. പൊതുവിൽ ഖുർആൻ വ്യാഖ്യാതാക്കൾ സ്വീകരിച്ചിട്ടുള്ളത് ആദ്യത്തെ ആശയമാണ്. ഭക്ഷ്യയോഗ്യമായ ഫലവും തണലും തരുന്നതാണ് ഇലന്തമരം. ●